## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3976 — 20.07.2015-ൽ മറുപടിയ്ക്ക്

## വയനാട് ചുരം റോഡിന് സമാന്തരമായുള്ള ബൈപ്പാസ് നിർമ്മാണപ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) വയനാട് ചുരം റോഡിന് സമാന്തര മായുള്ള ബൈപ്പാസ് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്; | (എ) 2012-13-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വയനാട് ചുരം റോഡിന് സമാന്തര ബൈപ്പാസിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി തുടർന്നുകൊണ്ടു പോകാൻ സാധിക്കും എന്ന് കരുതു ന്നുണ്ടോ ; എങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്നാണ് കരുതുന്നത്? | (ബി) ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 56.50 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും 19.03. 2013-ലെ സ.ഉ.(സാധാ) നം.381/2013/ പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ, ഈ പ്രവൃത്തി സർക്കാരിന്റെ സ്പീഡ് പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി ദുർബല പ്രദേശത്തിലൂടെയും, വനഭൂമിയിലൂടെ യും പാതകടന്നുപോകുന്നതിനാൽ, ഈ റോഡിന്റെ സാധ്യതാപഠനവും, വനഭൂമിയുടെ ഏരിയൽ സർവ്വേയും നടത്തി, വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പ് നിരത്തു കളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീ യർക്ക് നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ